ഉത്തരം

(എ) കേരള സർക്കാർ www.kerala.gov.in എന്ന പേരിൽ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. വെബ്സൈറ്റ് 21-11-2002-ന് ഔപചാരികമായി നിലവിൽ വന്നു. ജനങ്ങൾക്ക് സർക്കാർ സംബന്ധമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുക, നയപരമായ കാര്യങ്ങൾ പരസ്യപ്പെടുത്തുക, ഭരണസുതാര്യത ഉറപ്പു വരുത്തുക, പദ്ധതികൾ, ക്ഷേമപരിപാടികൾ തുടങ്ങിയവയെക്കുറിച്ച് വിവരം നൽകുക, പരീക്ഷാ ഫലങ്ങൾ അപേക്ഷാ ഫാറങ്ങൾ മുതലായവ ലഭ്യമാക്കുക, മന്ത്രിമാർ, വകുപ്പധ്യക്ഷന്മാർ തുടങ്ങിയവരെ ഇ-മെയിലിലൂടെ ബന്ധപ്പെടാനും പരാതി സമർപ്പിക്കാനും അവസരമൊരുക്കുക, സർക്കാരുത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക തുടങ്ങി ജനങ്ങൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിനാണ് വെബ്സൈറ്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) സർക്കാർ ഉത്തരവുകൾ പ്രസിദ്ധപ്പെടുത്താറുണ്ട്. 29-1-2004 വരെ 288 സർക്കാർ ഉത്തരവുകൾ സൈറ്റിൽ കൊടുത്തിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രവാസി മലയാളികളെക്കുറിച്ചുള്ള വിവരങ്ങൾ

95 [1466] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളെ സംബന്ധിക്കുന്ന എന്തൊക്കെ വിവരങ്ങളാണ് നോർക്ക വകുപ്പിന്റെയും റൂട്ട്സ്-എൻ. ആർ. കെ. എന്ന സ്ഥാപനത്തിന്റെയും കൈവശമുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി മലയാളികളെ സംബന്ധിക്കുന്ന വിപുലമായൊരു ഡാറ്റാ ബേയ്സ് ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിദേശമലയാളികളെയും മറുനാടൻ മലയാളികളെയും സംബന്ധിക്കുന്ന വിശദമായ ഒരു ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുകയാണ്. പ്രസ്തുത ഡാറ്റാബാങ്ക് പൂർത്തിയാകുന്നതോടെ പ്രവാസി മലയാളികളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ വകുപ്പിൽ ലഭ്യമാകുന്നതാണ്.

(ബി) വിദേശമലയാളികളുടേയും, മറുനാടൻ മലയാളികളുടേയും ക്ഷേമത്തിനും പുനരധിവാസത്തിനും പര്യാപ്തമാകുന്ന രീതിയിൽ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഡാറ്റാ ബാങ്കിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി വിശദപദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുന്നോടിയായി ചെങ്ങന്നൂർ, വയനാട് എന്നീ സ്ഥലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പിൾ പഠന സർവ്വെ നടത്തുകയുണ്ടായി. ഇതോടൊപ്പംതന്നെ സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, സെൻസസ് ഡയറക്ടർ, ജനസംഖ്യാ ശാസ്ത്രജ്ഞർ, ബന്ധപ്പെട്ട മറ്റു വകുപ്പധികാരികൾ എന്നിവരുമായും വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണബോർഡ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തുടങ്ങിയ വിവിധ സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുമായി സഹകരിച്ചാണ് സർവ്വേ നടത്തുവാൻ ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ സർവ്വേ നടത്തുന്നതോടെ ഇന്ത്യയ്ക്കകത്ത് ഇതര സംസ്ഥാനങ്ങളിലേയും പുറത്ത് വിവിധ രാജ്യങ്ങളിലേയും പ്രവാസി മലയാളികളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്ന പ്രവാസികളുടെ എണ്ണം

96 [1467] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്ക, ഗൾഫ് നാടുകൾ, ജർമ്മനി, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ പണിയെടുക്കുന്ന പ്രവാസികളുടെ എണ്ണം എത്ര വീതമാണെന്ന് അറിയിക്കാമോ;

(ബി) ഈ പ്രവാസികൾ ഓരോ രാജ്യത്തുനിന്നും പ്രതിവർഷം ശരാശരി എത്ര തുക കേരളത്തിൽ അയയ്ക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽപ്പറഞ്ഞ രാജ്യങ്ങളിൽനിന്നും എത്ര പ്രവാസികൾ ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയെന്നും എത്ര പേർക്ക് പുതുതായി ജോലി ലഭിച്ച് ആ രാജ്യങ്ങളിലേക്ക് പോയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ എത്ര പ്രവാസികളെ പുനരധിവസിപ്പിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഇതു സംബന്ധിച്ച വിശദമായ കണക്കുകൾ സർക്കാരിന്റെ പക്കൽ ലഭ്യമല്ല.

(ഡി) വിദേശ മലയാളികളുടെ ക്ഷേമപുനരധിവാസ പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി 'റൂട്ട്സ് എൻ. ആർ. കെ. ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ്' എന്ന കമ്പനി മുഖേന 15 'Wet Grinder Unit'കൾ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly